**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 670** **17-09-2025 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കശുവണ്ടി, കരകൗശലം, മുള, ഈറ തുടങ്ങി വിവിധ മേഖലകളിലെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹനം നൽകി നിലനിർത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി, കരകൗശലം, മുള, ഈറ തുടങ്ങി വിവിധ മേഖലകളിലെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹനം നൽകി നിലനിർത്തുന്നതിനും നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>**കശുവണ്ടി മേഖല**<br><br>1. Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood.<br><br>കേരളത്തിലെ ചെറുകിട (Investment less than 10 crore and turnover up to 50 crore) ഇടത്തരം (Investment between 10 and 20 crore and turn over 100 crore) കാഷ്യൂ ഫാക്ടറിയുടെ നവീനവത്കരണത്തിന് മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതിക്ക് രണ്ടു ഘടകങ്ങളാണുള്ളത്.<br><br>A) Capital Grant (മൂലധന ഗ്രാന്റ്) ചെറുകിട ഇടത്തരം കാഷ്യൂ ഫാക്ടറികൾക്ക് അവയുടെ സ്ഥിരാസ്തി മൂലധനത്തിന്മേലും, Technology upgradation-നും തുക അനുവദിക്കുന്നു. 2020 മാർച്ചിൽ പ്രവർത്തനമുള്ളതും തുടർന്ന് പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതുമായ ഫാക്ടറികൾ ക്കാണ് ആനുകൂല്യത്തിന് അർഹത യുള്ളത്. ആനുകൂല്യം ലഭിക്കുന്ന യൂണിറ്റുകൾ തുടർച്ചയായ 5 വർഷം പ്രവർത്തിക്കേണ്ടതാണ്. മൂലധന ഗ്രാന്റായി പരമാവധി 40 ലക്ഷം രൂപ അനുവദിക്കുന്നു. ടി ആനുകൂല്യം ഒരു തവണ മാത്രമേ അനുവദിക്കുകയുള്ളൂ. ജനറൽ കാറ്റഗറിക്ക് investment-ന്റെ 40% |

SC/ST/Women/Youth/Differently abled എന്നിവർക്ക് 50%-വും ആനുകൂല്യമായി ലഭിക്കും.

B) Interest Subvention (പലിശ സബ്സിഡി) - പ്രവർത്തന മൂലധന ആവശ്യത്തിനായി എടുത്ത ലോണുകളിൽ അടച്ച പലിശയ്ക്ക് സബ്സിഡി അനുവദിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തന മൂലധന /ക്യാഷ് ക്രെഡിറ്റ് ലോൺ എടുത്തതും നിലവിൽ പ്രവർത്തിക്കുന്നതുമായ ചെറുകിട ഇടത്തരം കാഷ്യൂ ഫാക്ടറികൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ട്. അടച്ച പലിശയുടെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപ പലിശ സബ്സിഡിയായി അനുവദിക്കുന്നു. നിയന്ത്രണങ്ങൾക്കു വിധേയമായി പരമാവധി 3 തുടർച്ചയായ വർഷങ്ങളിൽ തുക അനുവദിക്കുന്ന ആനുകൂല്യം ലഭ്യമായ യൂണിറ്റുകൾക്ക് തുടർച്ചയായി 5 വർഷം പ്രവർത്തിക്കേണ്ടതാണ്. 2025- 26 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേല്പ് പദ്ധതി (Revival Rejuvenation and Resurrection of Private Cashew Industry Sector)

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പ് വരുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി മാനേജ്മെന്റ്/ അക്കാദമിക രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ച 30.00 കോടി രൂപയുടെ പദ്ധതി നിർവ്വഹണത്തിന് അനുമതി നൽകിയിരുന്നു.

A) Continued Operation Linked Stimulus Programme - 20 കോടി രൂപ
2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 20 കോടി രൂപ നിലവിൽ പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് അവയുടെ സുസ്ഥിരമായ പ്രവർത്തനത്തിനും മികച്ച ഉൽപ്പാദന ക്ഷമതയ്ക്കും പ്രോത്സാഹനത്തിനും തൊഴിൽ പുനസ്ഥാപിക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

കശുവണ്ടി മേഖലയിലെ യോഗ്യരായ സംരംഭകർക്ക്/ പ്രോസസ്സർമാർക്ക് മൊത്തം തൊഴിലാളികളുടെ എണ്ണം, തൊഴിൽ ദിനങ്ങളുടെ എണ്ണം , EPF/ESI വിഹിതം എന്നിവ അടിസ്ഥാനമാക്കി ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 20 കോടി രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

B) Women Friendly Physical infra Creation/Upgradation - 5 കോടി രൂപ
2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 5 കോടി രൂപ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ യുവജനങ്ങളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കാനും കഴിയുന്ന തരത്തിൽ സ്ത്രീ സൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ വിഭാവനം ചെയ്യുന്നു. പ്രോസസ്സിംഗ് യൂണിറ്റുകളിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും 50% വരെ മൂലധന ഗ്രാന്റുകൾ നൽകാൻ പദ്ധതി ഉദ്ദേശിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

C.) Modernization /Upgradation of Shelling Units - 5 കോടി രൂപ

2022-23 -ലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടിയിൽ 5 കോടി രൂപ പ്രോസസ്സിംഗ് യൂണിറ്റുകളിലെ ഷെല്ലിങ്ങ് വിഭാഗത്തിന്റെ നവീകരണത്തിനായാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി ഉപകരണങ്ങൾ പ്ലാന്റ് & മെഷിനറി എന്നിവയ്ക്ക് ആവശ്യമായ മൊത്തം മൂലധനച്ചെലവിന്റെ 50 ശതമാനം വരെ ക്യാപിറ്റൽ ഗ്രാന്റായി അനുവദിക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപയിൽ 5 കോടി രൂപ ഈ ഇനത്തിൽ ആനുകൂല്യം നൽകണമെന്ന കമ്മിറ്റി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിക്കായി 2024-25 വർഷത്തേയ്ക്ക് 200 ലക്ഷം രൂപ അനുവദിക്കുകയും ഈ തുക തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കാസറഗോഡ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. 2025-26 സാമ്പത്തിക വർഷം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്

3) ഒറ്റത്തവണ തീർപ്പാക്കൽ (OTS)

സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' (OTS) പദ്ധതിയുടെ വ്യാപ്തി ഉയർത്തിയും, വ്യവസ്ഥകൾ പുതുക്കിയും താഴെ പറയുന്ന പ്രകാരം ഉത്തരവായിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ പരിധിയിൽ 31.03.2021-വരെ നിഷ്ക്രിയ ആസ്തി (NPA) ആയ കശുവണ്ടി വ്യവസായികളുടെ ലോൺ അക്കൗണ്ടുകൾ കൂടി ഉൾപ്പെടുന്നതാണ്. 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി വ്യവസായികൾ ബന്ധപ്പെട്ട ബാങ്കുകൾക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31.12.2025 വരെ ദീർഘിപ്പിച്ചു നൽകാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബാങ്കുകളോടും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയോടും പരിഗണിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇതു പ്രകാരം SLBC കൺവീനർ ബാങ്കുകൾക്ക് നേരിട്ട് നിർദ്ദേശം നൽകിയിരുന്നു.

2017-18 മുതൽ 2025-26 നാളിതുവരെ കേരള **കാഷ്യൂ ബോർഡ്** വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും 93,774.028 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളായ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകിയത് വഴി കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ സാധിച്ചു. ഈ സാമ്പത്തിക വർഷം കേരള കാഷ്യൂ ബോർഡിന് പ്രവർത്തന മൂലധനവായ്പയായി 41 കോടി രൂപയും One Time Adhoc Loan മുഖാന്തിരം 50 കോടി രൂപയും നൽകിയതിലൂടെ കൂടുതൽ തോട്ടണ്ടി നേരത്തെ തന്നെ സംഭരിക്കാൻ സാധിച്ചു.

2025-26 വർഷത്തിൽ ബഡ്ജറ്റിൽ കശുവണ്ടി വികസന കോർപ്പറേഷന് ഫാക്ടറികളുടെ ആധുനികവൽക്കര ണത്തിനും ഭാഗികവൽക്കരണത്തിനും 1.65 കോടി രൂപയും ബ്രാൻഡ് ബിൽഡിംഗിന് 1.40 കോടി രൂപയും ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്

കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഭാഗീക യന്ത്രവത്ക്കരണം എന്നിവയ്ക്കായി സർക്കാർ അനുവദിച്ച തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളും ആധുനികവൽക്കരിച്ചിട്ടു ള്ളതും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്.

കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി **കാപ്പക്സിന്** നവീകരണ യന്ത്രവൽകൃത പ്രവർത്തനങ്ങൾക്കും ബ്രാൻഡ് ബിൽഡിങ്ങിനുമായി ഈ വർഷം യാഥാക്രമം 2.70കോടി രൂപയും, 0.30കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും യഥാക്രമം 94.50 ലക്ഷം രൂപയും 10.50 ലക്ഷം രൂപയും കാപ്പക്സിന് റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. കൂടാതെ, തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ട്.

**കരകൗശല മേഖല**

ഹാന്റിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, സുരഭി, കാഡ്കോ, തുടങ്ങിയ സ്ഥാപനങ്ങൾ വഴി കരകൗശല മേഖലയെ സംരക്ഷിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനും വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി കുറഞ്ഞ പലിശ നിരക്കിൽ കരകൗശല വികസന കോർപ്പറേഷൻ വായ്പ ലഭ്യമാക്കി വരുന്നു. വൈവിധ്യവൽക്കര ണത്തിന്റെ ഭാഗമായി പുതിയ ഉൽപ്പന്നങ്ങളുടെ ഡിസൈനുകൾ സൃഷ്ടിക്കുക, പുതിയ ഉൽപ്പന്നങ്ങളുടെ മാതൃകകൾ സൃഷ്ടിക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു.

കേരളത്തിലെ കരകൗശല മേഖലയിലെ വിദഗ്ധരിൽ മികവുള്ളവരെ കണ്ടെത്തി സംസ്ഥാന കരകൗശല അവാർഡ് നൽകി വരുന്നു. ചുവടെ ചേർക്കുന്ന ഏഴ് വിഭാഗങ്ങളിലായാണ് സംസ്ഥാന അവാർഡ് നൽകുന്നത്.

1.ദാരു ശില്പങ്ങൾ

2. പ്രകൃതിദത്ത നാരുകളിൽ തീർത്ത ശില്പങ്ങൾ
3. ചൂരൽ/മുള എന്നിവയിൽ തീർത്ത ശില്പങ്ങൾ
4. ചരട്, നാട, കസവ് എന്നിവ ഉപയോഗിച്ചുള്ള ചിത്രത്തുന്നൽ
5. ലോഹശില്പങ്ങൾ

6. ചിരട്ട ഉപയോഗിച്ചുള്ള ശില്പങ്ങൾ

7. വിവിധ വസ്തുക്കളിൽ നിർമ്മിച്ചവ (മുകളിൽ ഉൾപ്പെടാത്തവ)

സംസ്ഥാന കരകൗശല അവാർഡ് ജേതാവിന് 50,000/- രൂപയും, സർട്ടിഫിക്കറ്റും, ഫലകവും, അംഗ വസ്ത്രവും, മെറിറ്റ് സർട്ടിഫിക്കറ്റ് ജേതാവിനു 25000/- രൂപയും സർട്ടിഫിക്കറ്റും, ഫലകവും, അംഗ വസ്ത്രവുമാണ് പാരിതോഷികം.

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പരമ്പരാഗത കരകൗശല തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നവീന ഉപകരണങ്ങൾ വാങ്ങുന്നതിനു ടൂൾകിറ്റ് ഗ്രാന്റ് എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. കൂടാതെ പരമ്പരാഗത ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണത്തിനുമായി ജില്ലാ ആസ്ഥാന ങ്ങളിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. കേരളത്തിലെ മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ധർ/ കൈപ്പണിക്കാർ/ പൂർണ്ണ വൈദഗ്ധ്യ മില്ലാത്ത തൊഴിലാളികൾ എന്നിവരുടെ തൊഴിൽ വൈദഗ്ധ്യം ശക്തിപ്പെടുത്തി, ബന്ധപ്പെട്ട മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗ ത്തിലൂടെ വരുമാനമാർഗ്ഗം കണ്ടെത്തു ന്നതിന് പരമാവധി 20,000/-രൂപ 2 ഗഡുക്കളായി ആനുകൂല്യം അനുവദിച്ച വരുന്നു. കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയിൽ താഴെയുള്ള 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്.

കൂടാതെ 60 വയസ്സിനു മുകളിലുള്ള വിശ്വകർമ്മ വിഭാഗത്തിലെ പരമ്പരാഗത കരകൗശലവിദഗ്ധർക്ക് പ്രതിമാസം 1600/- രൂപ പെൻഷനും അനുവദിക്കുന്നുണ്ട്.

**മുള, ഈറ മേഖല**

1. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിൽ ജോലി ചെയ്യുന്ന ഈറ്റ വെട്ടുകാരും പായ നെയ്ത്തുകാരും അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ ക്ഷേമം മെച്ചപ്പെടുത്തു ന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് മുള മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനങ്ങൾ - വിളവെടുപ്പും സംസ്കരണവും എന്ന പദ്ധതി. 2024-25 സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പാക്കി വരുന്നു. കാർഷിക–വ്യാവസായിക മേഖലയിലെ തൊഴിലാളികൾക്കായുള്ള ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഡിയർനെസ് അലവൻസ് എന്ന പേരിൽ നൽകി വന്നിരുന്ന 149/- രൂപ തുടർന്ന് സർക്കാർ നേരിട്ട് തൊഴിലാളികളിലേയ്ക്ക് എത്തിക്കുന്ന

പദ്ധതിയാണിത്.

ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം ഈറ്റ വെട്ടുന്നവർക്കും പായ നെയ്യുന്നവർക്കും ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ അധിക സാമ്പത്തിക സഹായം നൽകുക എന്നുള്ളതാണ്. ഈ പദ്ധതിയുടെ നടത്തിപ്പ് മേൽ പറഞ്ഞ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ഈ പരമ്പരാഗത വ്യവസായത്തിലേയ്ക്ക് പുതുതായി പ്രവേശിക്കുന്നവരെ ആകർഷിക്കുന്നതിനുമാണ്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പദ്ധതി തുക ലഭ്യമാക്കി ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.

2024-25 സാമ്പത്തിക വർഷം മുള മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനങ്ങൾ നൽകുന്ന പദ്ധതിയിൽ 6,89,125/- രൂപ വിതരണം ചെയ്തിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം ജനുവരി മുതൽ ജൂൺ വരെ 10.7 ലക്ഷം രൂപ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്.

2. മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം

വിവിധ വകുപ്പുകളുടേയും ബാംബൂ കോർപ്പറേഷൻ, സുരഭി, കാഡ്കോ, ഹാന്റിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളെയും ഉൾപ്പെടുത്തി മുള വ്യവസായ വികസന പദ്ധതിയുടെ കീഴിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 27,00,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം 90 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട് .

3. കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ കീഴിലെ നാഷണൽ ബാംബൂ മിഷൻ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നത് ബാംബൂ ഡെവലപ്മെന്റ് ഏജൻസിയായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാംബൂ മിഷനാണ്. മുള വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ദരുടെയും സംരംഭകരുടെയും ജീവിത നിലവാരം ഉയർത്തുന്നതിനും മുളയും അനുബന്ധ മേഖലകളിലുള്ള സംരംഭകത്വ പ്രക്രിയയും പുതുമയും ത്വരിതപ്പെടുത്തുന്ന തിനുവേണ്ടി കേരളത്തിൽ സംസ്ഥാന ബാംബൂ മിഷൻ എൻ.ജി.ഒ/സൊസൈറ്റി/ ഗ്രൂപ്പുകൾ മുഖേന മുള കൊണ്ട് കരകൗശല വസ്തു നിർമ്മാണ മേഖലയിൽ വിവിധതരം പരിശീലന പരിപാടികൾ നൽകി വരുന്നു.

മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശലക്കാരുടെയും വിദഗ്ധരുടേയും ഉന്നമനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം നൽകുന്നു.

കരകൗശലക്കാരുടെ കഴിവുകൾ മനസിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം/ഉൽപ്പന്ന ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം നൽകുന്നു.

പരിശീലകർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന തിനുള്ള സാങ്കേതിക സഹായം നൽകുന്നു.

പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുന്നു.

മുള അനുബന്ധ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനായി ദേശീയ അന്തർ ദേശീയ വിപണന മേളകളിൽ കരകൗശലക്കാരെ പങ്കെടുപ്പിക്കുന്നുണ്ട്.

മുള ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റ് 2004 മുതൽ തുടർച്ചയായി സംസ്ഥാനത്ത് സംഘടിപ്പിക്കുന്നു.

**ഖാദി, കൈത്തറി മേഖല**

പരമ്പരാഗത വ്യവസായമായ ഖാദിയെ സംരക്ഷിക്കുന്നതിനായി ടി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ഖാദി നൂല്പ് നെയ്ത്തു ഉപകരണങ്ങൾ നവീകരിക്കുന്നതിനും ഖാദി വസ്ത്ര മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി വിപണനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

ഖാദി മേഖലയിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നായ സ്ലൈവറിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രത്തിൽ

ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിച്ച് പുതിയ കോമ്പർ മെഷീൻ വാങ്ങി പ്രവർത്തിപ്പിക്കുകയും ചെയ്തതുവഴി ഗുണനിലവാരമുള്ള സ്ലൈവർ ഉല്പാദിപ്പിക്കുന്നതിനും സ്ലൈവർ ക്ഷാമം പരിഹരിക്കുന്നതിനും സാധിച്ചു.

ഖാദി നൂല്പ്-നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ കെ.എസ്.സി.എം.എം.സി. നവീകരിച്ചു നൽകിയ ഡ്യൂവൽ ഡ്രിവൺ സംവിധാനമുള്ള ചർക്കകൾ പ്രവർത്തിപ്പിച്ചു വരുന്നു. ഖാദി തുണികളിൽ ഡിസൈനുകൾ എളുപ്പത്തിൽ തയ്യാറാക്കാൻ സഹായിക്കുന്ന ഹാൻഡ് ലൂം ഇലക്ട്രോണിക് ജക്കാർഡ് മെഷീൻ ഖാദി മേഖലയിൽ ആദ്യമായി പാപ്പിനിശ്ശേരി ഖാദി കേന്ദ്രത്തിൽ പ്രവർത്തനം തുടങ്ങി. ഖാദി നൂല്പ്-നെയ്ത്ത് ഉപകരണങ്ങൾ നവീകരി ക്കുന്നതിന് ബോർഡ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ചർക്കകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഐ.ഐ.റ്റി. ചെന്നൈയുമായി Memorandum of Understanding ഒപ്പുവച്ച് ഗവേഷണം ആരംഭിച്ചു. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഖാദി സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ചു വരുന്നു. ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഖാദി നിർമ്മാണ യൂണിറ്റുകളിലെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളുടെ നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ചർക്ക, തറി സ്പെയർ പാർട്സ് വാങ്ങൽ എന്നിവയ്ക്കായി ത്രിതല പഞ്ചായത്തിൽ നിന്നും, എം.എൽ.എ. ഫണ്ടിൽ നിന്നുമുള്ള തുക ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പാലക്കാട് ജില്ലാ പഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപാ ചെലവിൽ പാലക്കാട് ജില്ലയിലെ വിളയോടിയിൽ ബ്ലീച്ചിംഗ്/ കലണ്ടറിംഗ് യൂണിറ്റ് ആരംഭിച്ചു.

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂലി കുറവായതിനാൽ ടി തൊഴിലാളി കൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമിൽ സർക്കാർ ഖാദി മേഖലയെ ഉൾപ്പെടുത്തി തുക അനുവദിച്ചു നൽകുന്നുണ്ട്. ഇതിനുപുറമേ തൊഴിലാളികൾക്ക് ഇൻസന്റീവ്, ഉൽസവബത്ത, ESI ആനുകൂല്യങ്ങൾ, ഹോളിഡേ വേജസ്സ്, സറണ്ടർ വേജസ്, ക്ഷേമനിധി ആനുകൂല്യങ്ങൾ തുടങ്ങിയവ നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1.പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരിപങ്കാളിത്തം<br>2. സർക്കാർ ഓഹരി പങ്കാളിത്തം (ഹാന്റക്സ്)<br>3. സർക്കാർ ഓഹരി പങ്കാളിത്തം (ഹാൻവീവ്)<br>4. നെയ്ത്തുകാർക്ക് ഗുണമേൻമയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.<br>5. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണിവായ്പ.<br>6. യുവ വീവ് പദ്ധതി<br>7. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രചോദന പരിപാടി<br>8. കൈത്തറിഗ്രാമത്തിന്റേയും സമഗ്ര കൈത്തറി ഗ്രാമത്തിന്റേയും സ്ഥാപനം.<br>9. അംശദാന സമ്പാദ്യ പദ്ധതി.<br>10. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.<br><br>11. വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി<br><br>12. കൈത്തറി സംഘങ്ങളുടെ ആധുനിക വത്ക്കരണവും മൂല്യവർദ്ധിത ഉത്പന്ന ങ്ങളുടെ പ്രോത്സാഹനവും.<br><br>13. പരിശീലന വൈദഗ്ധ്യ വികസന പരിപാടി<br>14. നാട്ടുകാണി ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കൽ<br>15. കാഞ്ഞിരോട് കൈത്തറി ഗ്രാമം / ഹാൻഡ്‌ല്യൂം വില്ലേജ്<br><br>16. നാഷണൽ കൈത്തറി വികസന പദ്ധതി.<br>17. കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി<br><br>18. പ്രീമിയം ഉൽപ്പന്നങ്ങൾക്കുള്ള ഉൽപ്പന്ന വികസന സഹായം.<br><br>19. ഹാന്റക്സ് പുനരുജ്ജീവന പാക്കേജ്. |

സെക്ഷൻ ഓഫീസർ